83667/എസ്.ഡി3/77/പൊ.ഭ.വ.നമ്പർ സർക്കുലർ പ്രകാരം, കോൺഫിഡൻഷ്യൽ റെക്കോർഡ്സ് സൂക്ഷിക്കേണ്ടതില്ലാത്ത സബോർഡിനേറ്റ്, ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഗ്രഡ് സർവ്വീസ് എൻട്രി അനുവദിക്കുന്നതിന് ജീവനക്കാരന്റെ തൊട്ടടുത്ത ഉന്നത അധികാരിക്കോ മറ്റ് ഉന്നത അധികാരികൾക്കോ അധികാരം ഉണ്ടായിരിക്കുന്നതാണ്. മേൽ സൂചിപ്പിച്ച വിഭാഗങ്ങൾ ഒഴികെയുള്ള, കോൺഫിഡൻഷ്യൽ റെക്കോർഡ്സ് സൂക്ഷിക്കേണ്ട വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കോൺഫിഡൻഷ്യൽ റെക്കോർഡ്സിന്റെ ചുമതലയിലുള്ള അധികാരിക്കോ മറ്റ് ഉന്നത അധികാരികൾക്കോ ഗ്രഡ്സർവ്വീസ് എൻട്രി അനുവദിക്കാവുന്നതാണ്.

(ബി) റവന്യൂ വകുപ്പിലെ ഒരു ജീവനക്കാരിക്ക് സർക്കാർ അനുവദിച്ചനൽകിയ ഗ്രഡ് സർവ്വീസ് എൻട്രി വകുപ്പുതലവൻ സ്വന്തം നിലയിൽ റദ്ദാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വകുപ്പ് സെക്രട്ടറി നൽകിയ ഗ്രഡ് സർവ്വീസ് എൻട്രി വകുപ്പ് സെക്രട്ടറി തന്നെ റദ്ദാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ അനുവദിച്ച ഗ്രഡ് സർവ്വീസ് എൻട്രി വ്യക്തിപരമായി ഒഴിവാക്കുന്നു എന്ന നിലയിൽ ഉത്തരവിറക്കിയ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

ആശ്രിത നിയമനം

63 (4787) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ കാലാനുസൃതമായ നടപടികൾ ഉണ്ടാവുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആശ്രിത നിയമനം നടത്തുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ 24-5-1999-ലെ G.O.(P) No. 12/99/P&ARD നമ്പർ ഉത്തരവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് പരിശോധിച്ചു നടപടി സ്വീകരിക്കേണ്ടത്.

(ബി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ നിലവിൽ പരിഹരിക്കപ്പെടാതെയുണ്ടെന്നുള്ള കാര്യം വകുപ്പുതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് 2016 മുതൽ നാളിതുവരെ പുറപ്പെടുവിച്ച പൊതുവായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2016 മുതൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു* :

1. സ.ഉ.(കൈ)നമ്പർ 2/17/ഉ.ഭ.പ.വ. തീയതി 16-1-2017
2. സ.ഉ.(കൈ)നമ്പർ .13/17/ഉ.ഭ.പ.വ. തീയതി 27-5-2017
3. സ.ഉ.(പി)നമ്പർ 1/18/ഉ.ഭ.പ.വ. തീയതി 7-1-2018
4. സ.ഉ.(കൈ)നമ്പർ5/18/ഉ.ഭ.പ.വ. തീയതി 21-2-2018
5. സ.ഉ.(പി)നമ്പർ 7/18/ഉ.ഭ.പ.വ. തീയതി 28-4-2018
6. സ.ഉ.(കൈ)നമ്പർ8/19/ഉ.ഭ.പ.വ. തീയതി 5-7-2019
7. സ.ഉ.(കൈ)നമ്പർ12/21/ഉ.ഭ.പ.വ. തീയതി 7-6-2021

പണം നൽകി സ്ഥാനാർത്ഥിത്വം പിൻവലിച്ച കേസ്

64 (4788) ശ്രീ. എ. കെ. എം. അഷ്റഫ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്ന കെ. സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിന് പണം നൽകിയെന്ന ആരോപണത്തെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകളാണ് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

6-4-2021-ന് നടന്ന കേരള നിയമസഭാ പൊതു തിരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി. സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ ബി.എസ്.പി. സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് 2.5 ലക്ഷം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.